നെല്ല് കൊയ്ത്ത് തടയാൻ ശ്രമിക്കുന്നവർക്കെതിരെ അവശ്യസാധന നിയമപ്രകാരം നിയമനടപടികൾ കൈക്കൊള്ളുമെന്ന് ജില്ലാ കലക്ടർ എം അഞ്ജന അറിയിച്ചു. നെല്ല് കൊയ്ത്തും സംഭരണവും സർക്കാർ അവശ്യ സേവനങ്ങളുടെ പട്ടികയിൽ പെടുത്തിയതാണ്. ഇതിന് തടസ്സം സൃഷ്ടിക്കുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടി ഉണ്ടാകും. മുട്ടാറിൽ നെല്ല് കൊയ്ത്തിന് തടസ്സം സൃഷ്ടിക്കാൻ ചിലർ ശ്രമിച്ചതിൻറെ  പശ്ചാത്തലത്തിലാണ് ജില്ലാ കലക്ടറുടെ ഈ അറിയിപ്പ്.  ലോക് ഡൗണും സിആർപിസി 144 പ്രകാരമുള്ള നിയന്ത്രണങ്ങളും നിലവിലുള്ളതിനാൽ  ആളുകൾ കൂട്ടം കൂടുന്നത്  വിലക്കിയിട്ടുള്ള താണ്. നിയന്ത്രണങ്ങൾ ലംഘിച്ച്, കൊയ്ത്ത് തടയുന്നതിനും പ്രതിഷേധത്തിനും കൂട്ടം കൂടുന്നവർക്ക് എതിരെ കർശന നടപടിയെടുക്കുമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

മുട്ടാറിലെ പാടശേഖര സമിതി നെല്ല് കൊയ്യാനായി കൊയ്ത്തു യന്ത്രങ്ങളുടെ കരാറുകാരുമായി ഇതുവരെ കരാർ ഒപ്പിട്ടിട്ടില്ല.   ഈ സാഹചര്യത്തിൽ കരാർ ഒപ്പിട്ട  ജില്ലയിലെ മറ്റു പാടശേഖരങ്ങളിലെ കൊയ്ത്തു കഴിഞ്ഞ ശേഷം മാത്രമേ മുട്ടാറിലെ പാടശേഖര സമിതിയുടെ 32 ഏക്കർ പരിഗണിക്കാൻ നിർവാഹമുള്ളൂയെന്നും ജില്ലാ കളക്ടർ അറിയിച്ചു. കരാറൊപ്പിട്ട പാടശേഖരസമിതികാരുടെ 540 ഏക്കർ  കൊയ്യാനായി പോകും വഴിയാണ് കൊയ്ത്തുയന്ത്രം മുട്ടാറിൽ തടഞ്ഞത്